**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1416** **30-08-2022 - ൽ മറുപടിയ്ക്ക്**

**പാട്ടൂർ അലിമുൽ ഇസ്ലാം എച്ച്.എസ്.എസ്സിലെ പ്രിൻസിപ്പലിനെ സസ്പെൻഡ് ചെയ്ത നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മുരളി പെരുനെല്ലി** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | തൃശ്ശൂർ ജില്ലയിലെ പാട്ടൂർ അലീമുൽ ഇസ്ലാം എച്ച്.എസ്.എസ്സി-ലെ പ്രിൻസിപ്പൽ ഫൈസലിനെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | ടിയാനെ സസ്പെൻഡ് ചെയ്തതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | ജോലി ലഭിക്കുന്നതിനായി ശ്രീ.ഫൈസൽ.കെ.വി സമർപ്പിച്ച ബിരുദ, ബിരുദാനന്തര ബിരുദ, ബി.എഡ് സർട്ടിഫിക്കറ്റുകൾ വ്യാജമാണെന്ന് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ നടത്തിയ അന്വേഷണത്തിൽ, ടിയാൻ വിദ്യാഭ്യാസ യോഗ്യതയായി സമർപ്പിച്ചിരുന്ന ബിരുദ, ബിരുദാനന്തര ബിരുദ സർട്ടിഫിക്കറ്റുകൾ അവ ടിയാന് നൽകിയിരുന്നു എന്ന് പറയപ്പെട്ട യൂണിവേഴ്സിറ്റികൾ, ആയത് വ്യാജമാണെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിലാണ് ടിയാനെ പൊതുവിദ്യാഭ്യാസ ഡയറക്ടർ സസ്പെൻഡ് ചെയ്തത് |
| (സി) | ടിയാനെതിരെയുള്ള അന്വേഷണ നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (സി) | വ്യാജ സർട്ടിഫിക്കറ്റ് നൽകി ജോലിയിൽ പ്രവേശിച്ചതിലൂടെ 22 വർഷത്തോളം സർക്കാരിനേയും/ വകുപ്പിനേയും/ വിദ്യാർത്ഥികളെയും/ പൊതുജനങ്ങളെയും കബളിപ്പിച്ച് ശമ്പളവും മറ്റാനുകൂല്യങ്ങളും കൈപ്പറ്റിയതിനാൽ പാവറട്ടി പോലിസ് സ്റ്റേഷനിൽ ടിയാൾക്കെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്തിരുന്നു. ആയതിന്മേൽ പോലീസ് അന്വേഷണം നടന്നു വരുന്നു. സർവ്വീസിൽ പ്രവേശിക്കുന്നതിന് ഹാജരാക്കിയ സർട്ടിഫിക്കറ്റുകൾ വ്യാജമാണെന്ന് ബന്ധപ്പെട്ട സർവകലാശാലകൾ അറിയിച്ചിട്ടുള്ളതിനാൽ ടിയാനെതിരെയുള്ള വകുപ്പ തല നടപടികൾ പൂർത്തിയാക്കുന്നതിനായി ടിയാന് കുറ്റാരോപണ പത്രിക നൽകിയിട്ടുണ്ട്. ആയതിന് ടിയാൻ മറുപടി ലഭ്യമാക്കിയിട്ടില്ല. ടി സാഹചര്യത്തിൽ ടിയാന്റെ സസ്പെൻഷൻ |

| | | | |
|---|---|---|---|
| | | | കാലാവധി 21.07.2022 മുതൽ ആറു മാസത്തേക്കു കൂടി ദീർഘിപ്പിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഡി) | ഇക്കാര്യത്തിൽ കർശനമായ അന്വേഷണം നടത്തുന്നതിനും അന്വേഷണം വേഗത്തിലാക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ? | (ഡി) | വ്യാജ സർട്ടിഫിക്കറ്റ് നൽകി ജോലിയിൽ പ്രവേശിച്ചതിലൂടെ 22 വർഷത്തോളം സർക്കാരിനേയും/ വകുപ്പിനേയും/ വിദ്യാർത്ഥികളെയും/ പൊതുജനങ്ങളെയും കബളിപ്പിച്ച് ശമ്പളവും മറ്റാനുകൂല്യങ്ങളും കൈപ്പറ്റിയതിനാൽ പാവറട്ടി പോലിസ് സ്റ്റേഷനിൽ ടിയാൾക്കെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്തിരുന്നു. ആയതിന്മേൽ പോലീസ് അന്വേഷണം നടന്നു വരുന്നു. സർവ്വീസിൽ പ്രവേശിക്കുന്നതിന് ഹാജരാക്കിയ സർട്ടിഫിക്കറ്റുകൾ വ്യാജമാണെന്ന് ബന്ധപ്പെട്ട സർവകലാശാലകൾ അറിയിച്ചിട്ടുള്ളതിനാൽ ടിയാനെതിരെയുള്ള വകുപ്പ തല നടപടികൾ പൂർത്തിയാക്കുന്നതിനായി ടിയാന് കുറ്റാരോപണ പത്രിക നൽകിയിട്ടുണ്ട്. ആയതിന് ടിയാൻ മറുപടി ലഭ്യമാക്കിയിട്ടില്ല. ടി സാഹചര്യത്തിൽ ടിയാന്റെ സസ്പെൻഷൻ കാലാവധി 21.07.2022 മുതൽ ആറു മാസത്തേക്കു കൂടി ദീർഘിപ്പിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ